LIBRARY ARCHIVES Kerala Legislative Assembly

യു.എൻ.ഡി.പി., ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. പോലുള്ള ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് വിവിധതരത്തിലുള്ള ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട നാട്ടറിവുകളെ ക്രോഡീകരിച്ച് ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) ബി.എം.സി.കൾ തയ്യാറാക്കിവരുന്നു. നിലവിൽ 82.5 ശതമാനം ബി.എം.സി.കളിൽ പി.ബി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പി.ബി.ആർ.-നെ അടിസ്ഥാനമാക്കിയുള്ള ജൈവവൈവിധ്യ സംരക്ഷണ-വികസന പദ്ധതികൾ ആവിഷ്കരിക്കുക, നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പരിപാലന സമിതികൾ നടപ്പിലാക്കുന്നുണ്ട്. ഇതുവരെ തയ്യാറാക്കിയിട്ടുള്ള പി.ബി.ആർ.-ന്റെ വിശദവിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുവാനും അതിന്റെ സംരക്ഷണം, ഉപയോഗം എങ്ങനെ സാധ്യമാക്കാം എന്നതിനും തുടക്കംകുറിച്ചിട്ടുണ്ട്. ഇത്തരം അറിവുകൾ ഗവേഷണ പ്രവർത്തനങ്ങൾക്ക് എങ്ങനെ പ്രയോജനപ്പെടുത്താം, ഒപ്പം അതിലൂടെ ലഭ്യമാക്കുന്ന പ്രയോജനം/ധനം തുല്യവും നീതിപൂർവവുമായ പങ്കുവയ്ക്കലിലൂടെ (Access and Beneficiary-ABS) എങ്ങനെ നടപ്പാക്കാം തുടങ്ങിയ കാര്യങ്ങളാണ് ഇപ്പോൾ ചെയ്തുവരുന്നത്.

ഭവന നിർമ്മാണ അനുമതിക്കായി തീരദേശപരിപാലന അതോറിറ്റി മുൻപാകെയുള്ള അപേക്ഷകൾ

30(4185) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ കോസ്റ്റൽ റെഗുലേഷൻ സോൺ നിയമത്തിന്റെ പരിധിയിൽ ഭവന നിർമ്മാണ അനുമതിക്കായി കോഴിക്കോട് ജില്ലയിൽനിന്ന് ലഭിച്ചിട്ടുള്ള എത്ര അപേക്ഷകൾ തീരദേശപരിപാലന അതോറിറ്റി മുൻപാകെ സമർപ്പിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം നിലവിൽ തീർപ്പാക്കി; എത്ര പേർക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകി; വ്യക്തമാക്കാമോ;

(സി) ഇനിയും തീർപ്പാവാതെ എത്ര അപേക്ഷകൾ അവശേഷിക്കുന്നു എന്നും ഇത് എപ്പോൾ തീർപ്പാക്കും എന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 300 - ഓളം അപേക്ഷകൾ KCZMA മുമ്പാകെ സമർപ്പിക്കപ്പെട്ടിരുന്നു.

(ബി) പൂർണ്ണമായ അപേക്ഷകളെല്ലാംതന്നെ തീർപ്പാക്കിയിട്ടുണ്ട്. 200-ഓളം പേർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) അവശേഷിക്കുന്നില്ല.

കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം

31(4186) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ; ഇപ്പോൾ അത് കൃത്യമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇപ്പോൾ ഏതു വകുപ്പിനാണ് ഈ അതോറിറ്റിയുടെ ഭരണച്ചുമതല; ഏത് വകുപ്പിനു കീഴിലായിരുന്നു മുൻപ് അതോറിറ്റി പ്രവർത്തിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതോറിറ്റിയുടെ പരിഗണനക്കായി വരുന്ന ഫയലുകൾ ഈ വകുപ്പുകളിൽ പരസ്പരം കൈമാറി കാലതാമസം വരുത്താതെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ആകെയുള്ള എല്ലാ അപേക്ഷകളും അതത് ജില്ലകളിൽ പരിശോധിക്കാൻ സംവിധാനമുണ്ടോ; അവയിലൂടെ എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർപ്പാക്കി;

(ഇ) സെക്രട്ടേറിയറ്റിൽ തീരദേശ സംരക്ഷണ വകുപ്പ് രൂപീകരിച്ച് അതോറിറ്റിയെ അതിനുകീഴിലുള്ള സ്വതന്ത്ര ഏജൻസിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) 2016 ജനുവരി മുതൽ അതോറിറ്റിയുടെ പരിഗണനയ്ക്കായി ലഭിച്ച അപേക്ഷകൾ എത്രയെന്ന് ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ?